**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 984** **31-01-2024 - ൽ മറുപടിയ്ക്ക്**

**കക്കയത്തെ ജനവാസമേഖലയിലെ കാട്ടാനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ കക്കയം പ്രദേശത്ത് കാട്ടാനകൾ ഇറങ്ങുന്നതും കൃഷി വ്യാപകമായി നശിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (എ) | കക്കയം ഭാഗത്ത് കാട്ടാനകൾ ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>പെരുവണ്ണാമൂഴി റെയിഞ്ചിലെ കക്കയം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന പ്രദേശമാണ് കൂരാച്ചുണ്ട്. മലബാർ വൈൽഡ് ലൈഫ് സാങ്ചറിയിൽ ഉൾപ്പെട്ട പന്നിക്കോട്ടൂർ റിസർവിന്റെ ഭാഗത്തു നിന്നുമാണ് കൂരാച്ചുണ്ട് പഞ്ചായത്തിലെ ഓട്ടപ്പാലം, മണ്ടോപ്പാറ ഭാഗത്തേയ്ക്ക് ആന ഇറങ്ങുന്നത്. റിസർവ് വനത്തിൽ റിസർവോയറിനോട് ചേർന്ന ഭാഗത്തു നിലവിൽ ഫെൻസിംഗ് നിർമ്മിച്ചിട്ടില്ല. കാടിനോട് ചേർന്ന് ഫെൻസിംഗ് സ്ഥാപിക്കുകയാണെങ്കിൽ റിസർവോയറിലേയ്ക്ക് വെള്ളം കുടിക്കുവാൻ<br>എത്തുന്ന ആനകളുടെ വഴി തടസ്സപ്പെടുവാനും കൂടുതൽ പ്രദേശത്തേക്ക് ആനകൾ ഇറങ്ങുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ ഭാഗത്ത് ഫെൻസിംഗ് പ്രായോഗികമല്ല. ആനകൾ വനത്തിൽ നിന്നും റിസർവോയർ നീന്തി കടന്നെത്തുന്ന ഭാഗത്ത് ഫെൻസിംഗ് സ്ഥാപിക്കുന്നതാണ് അഭികാമ്യം. ഈ പ്രദേശത്ത് വനഭൂമിയില്ല. ടി സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളുടെയും ഇറിഗേഷൻ വകുപ്പിന്റെയും അധീനതയിലുള്ളതാണ്. ഈ ഭാഗങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സ്ഥലമുടമകളുടെയും ഇറിഗേഷൻ വകുപ്പിന്റെയും സമ്മതം ആവശ്യമാണ്.<br><br>നിലവിൽ ആന ഇറങ്ങുന്ന പ്രദേശങ്ങളിൽ കക്കയം ഫോറസ്റ്റ് സ്റ്റേഷനിലെ വാച്ചർമാരും ജീവനക്കാരും എത്തിച്ചേർന്ന്, ആനയെ തിരികെ കാട്ടിലേക്ക് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന് നാട്ടുകാരുടെ കൂടി സഹായം ലഭ്യമാകുന്നുണ്ട്. കക്കയം ഭാഗത്തു KSEB കോളനി, പഞ്ചവടിപ്പാലം പ്രദേശത്തെ 4650 മീറ്റർ സോളാർ |

| | | | |
|---|---|---|---|
| | | | ഫെൻസിംഗ് പ്രവർത്തനക്ഷമമാണ്. ഇതിന്റെ മെയിന്റനൻസിനായി വാച്ചർമാരെനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ